സ്മാർട്ട് കാർഡ്

339 (345) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ലൈസൻസും ആർ. സി. രജിസ്ട്രേഷനും ഡിജിറ്റലൈസ് ചെയ്യുവാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്മാർട്ട് കാർഡ് ഇംപ്ലിമെന്റേഷന് വേണ്ടി ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ;

(സി) ഇതിനായി ഏജൻസിയെ കണ്ടെത്തുന്നതിന് വിളിച്ച ടെണ്ടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇപ്പോൾ ഡിജിറ്റൽ ഫോർമാറ്റിൽ സ്മാർട്ട് മൂവ് സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് നൽകി വരുന്നത്.

(ബി &സി) ടെണ്ടർ നടപടി പൂർത്തിയാക്കി ഏറ്റവും കുറഞ്ഞ ഉക quote ചെയ്ത കമ്പനിക്ക് (ITI ലിമിറ്റഡ്) 20/01/2006-ൽ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത സാങ്കേതികവിദ്യ കാലഹരണപ്പെട്ടതാണെന്ന് പിന്നീട് കണ്ടെത്തിയതിനാൽ ഓർഡർ റദ്ദാക്കി. ഇതിനെതിരെ രണ്ട് കമ്പനികൾ ഫയൽ ചെയ്ത കേസുകളിൽ (WP(C) No.31909/2007 & WP(C)No.36231/2007) M/s ITI Ltd. കമ്പനിക്ക് അനുകൂലമായി വിധി വരികയും പുതിയ ടെണ്ടർ വിളിക്കുവാൻ സാധിക്കാതാകുകയും ചെയ്തു. മാറിവന്ന സാങ്കേതികവിദ്യക്കനുസൃതമായും വില സംബന്ധിച്ചും കൺസോഷ്യവുമായി കൂടിയാലോചന നടത്തി ധാരണയിൽ എത്തിയ ശേഷം ഉചിതമായ വിലയ്ക്ക് സ്മാർട്ട് കാർഡ് നൽകുവാൻ സർക്കാരിന് അവകാശമുണ്ടായിരിക്കുമെന്നാണ് ബഹു. ഹൈക്കോടതി 22-11-2011-ലെ വിധിയിൽ പ്രസ്താവിച്ചത്. ഇതിനായി 1-1-2014-ൽ സർക്കാർ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി രണ്ട് തവണ യോഗം ചേരുകയും ഇതനുസരിച്ച് കമ്പനിയിൽ നിന്ന് പ്രൊപ്പോസൽ വാങ്ങുകയും ചെയ്തു. ടി പ്രൊപ്പോസൽ പരിശോധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുവാൻ ഗതാഗത കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി) നിരക്കുകൾ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് ഇപ്പോൾ കണക്കാക്കാൻ കഴിയുകയില്ല

LIBRARY ARCHIVES Kerala Legislative Assembly